## വിവരാവകാശം/മറുപടി

നം ഇ9/2892/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 27/02/2018
E mail : **swdkerala@gmail.com**
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി.സുധാദേവി.വി.ജി,
റ്റി.എം.കെ. ഹൗസ്,
പനയമുട്ടം.പി.ഒ,
നെടുമങ്ങാട്.

മാഡം,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- താങ്കളുടെ 24/02/2018 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികകളിലെ നിയമനവും സ്ഥലംമാറ്റവും അച്ചടക്കനടപടികളും സംബന്ധിച്ച തീരുമാനങ്ങൾ സർക്കാരും മറ്റ് തസ്തികകളിലെ നിയമനവും സ്ഥലംമാറ്റവും അച്ചടക്കനടപടികളും സംബന്ധിച്ച തീരുമാനങ്ങൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുമാണ് കൈക്കൊള്ളുന്നത്.

2) സർക്കാരിന്റെ 30/6/2017 ലെ സ.ഉ (കൈ) നം 24/2017/സാനീവ ഉത്തരവു പ്രകാരം വനിതാ ശിശു വികസന വകുപ്പ് രൂപീകരിയ്ക്കുകയുണ്ടായി. ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ നിയമനവും സ്ഥലംമാറ്റവും അച്ചടക്കനടപടികളും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

3) താങ്കൾ ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് ഒരു പേജിന് 2 രൂപ ക്രമത്തിൽ 6 പേജിന് 12 രൂപ (പന്ത്രണ്ട് രൂപാ മാത്രം) 0070-60-800-42- Other Charges RTI എന്ന ശീർഷകത്തിൽ അടച്ച് ചെലാൻ രസീത് ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

4) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറി സർക്കാർ 21/01/2018 ന് ഉത്തരവായിട്ടുണ്ട്.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്

## വിവരാവകാശം/മറുപടി

നം ഇ9/2892/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 28/02/2018
E mail : **swdkerala@gmail.com**
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി.സുധാദേവി.വി.ജി,
റ്റി.എം.കെ. ഹൗസ്,
പനയമുട്ടം.പി.ഒ,
നെടുമങ്ങാട്.

മാഡം,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) താങ്കളുടെ 24/02/2018 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ
2) ഈ കാര്യാലയത്തിൽ നിന്നുള്ള 27/02/18 ലെ ഇ9/2892/18 നമ്പർ കത്ത്
3) താങ്കളുടെ 27/2/18 ലെ അപേക്ഷയും KL 011184545201718M നമ്പർ ട്രഷറി ചെലാനും

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു.

സൂചന (1) പ്രകാരമുള്ള അപേക്ഷയിൽ മൂന്നാമത്തെ ചോദ്യമായി ആവശ്യപ്പെട്ടിരുന്ന കത്തിന്റെ പകർപ്പ് ( ആറ് പേജ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്